# വി.യാക്കോബ് ശ്ലീഹ




ഈശോയുടെ ശ്ലീഹൻമാരിൽ യാക്കോബ് നാമധാരികളായി രണ്ടുപേരുണ്ടെങ്കിലും സെബദിപുത്രനും യോഹന്നാന്റെ സഹോദരനുമായ യാക്കോബാണ് അതിൽ പ്രമുഖൻ. വലിയ യാക്കോബ് എന്ന പേരിലാണ് ശ്ലീഹ ചരിത്രത്തിൽ അറിയപ്പെടുന്നത്. ഈശോയുടെ ശ്ലീഹൻമാരിൽ നേതൃസ്ഥാനത്തുണ്ടായിരുന്ന ഒരുവനായ യാക്കോബ് ശ്ലീഹാ ശ്ലൈഹികസംഘത്തിൽ ആദ്യം രക്തസാക്ഷിത്വം വരിച്ച വ്യക്തിയുമായിരുന്നു (നട 12:2). ജായ്റോസിന്റെ മകളെ ഉയിർപ്പിച്ചപ്പോഴും (ലൂക്ക 8:51) ഈശോയുടെ രൂപാന്തരീകരണവേളയിലും (മത്താ 17:1) ഈശോയോടൊപ്പമുണ്ടായിരുന്ന യാക്കോബ്ശ്ലീഹ വേദനനിറഞ്ഞ ഗെത്സെമൻ പ്രാർഥനയുടെ അവസരത്തിലും അവിടുത്തോടൊപ്പമുണ്ടായിരുന്നു (മർക്കോ14:33). ബൊവനർഗസ് അഥവാ ഇടിമുഴക്കത്തിന്റെ പുത്രൻമാർ എന്നാണ് ഈശോ യാക്കോബിനെയും യോഹന്നാനെയും വിളിക്കുന്നത്. ജറുസലേമിലേക്കുള്ള ഈശോയുടെ യാത്രാമധ്യേ സമരിയാക്കാർ അവിടുത്തെ തിരസ്കരിച്ചപ്പോൾ യാക്കോബും യോഹന്നാനും സ്വർഗത്തിൽ നിന്ന് അഗ്നിയിറക്കി ഇവരെ നശിപ്പിക്കട്ടെ (ലൂക്കാ 9:51-56) എന്ന് ഈശോയോട് ചോദിക്കുന്നുണ്ട്. ഈശോയുടെ ദൗത്യത്തെ രാഷ്ട്രീയവിമോചനവുമായി ബന്ധപ്പെടുത്തിയ അവരെ ഈശോ ശാസിക്കുന്നു. ദൈവഹിതത്തോടുള്ള വിധേയത്വവും അനിതരസാധാരണമായ തീക്ഷ്ണതയും വലിയ ശക്തിയും ദൃഢസ്വഭാവുമാണ് യാക്കോബിനെയും യോഹന്നാനെയും ഇടിമുഴക്കത്തിന്റെ പുത്രൻമാർ എന്ന പേരിനർഹരാക്കിയത്.

ഈശോ പഠിപ്പിച്ച ദൈവരാജ്യത്തിന്റെ ആത്മീയപാഠങ്ങൾ കേവലം ഭൗതികയാഥാർഥ്യങ്ങളായാണ് യാക്കോബ് ഉൾപ്പെടെയുള്ള ശ്ലീഹന്മാർ ആദ്യം മനസ്സിലാക്കിയത്. അതുകൊണ്ടാണ്, സെബദിപുത്രൻമാർക്കുവേണ്ടി അവരുടെ അമ്മ ദൈവത്തിൽ വലത്തും ഇടത്തുമുള്ള സ്ഥാനങ്ങൾ ആവശ്യപ്പെട്ടത് (മത്താ 20:20-28). ഈശോ കുടിക്കുന്ന പാനപാത്രം കുടിക്കാൻ തയ്യാറാണെന്ന് അവർ അറിയിക്കുകയും ചെയ്തു. പിന്നീട് ദൈവരാജ്യസ്ഥാപനത്തിനു വേണ്ടി തികഞ്ഞ തീക്ഷ്ണതയോടെ നിലകൊണ്ട യാക്കോബ്ശ്ലീഹായെ നാം കാണുന്നു.

വി.യാക്കോബാണ് സ്പെയിനിൽ ക്രിസ്തീയവിശ്വാസം നട്ടുവളർത്തിയതെന്ന പുരാതനമായ ഒരു പാരമ്പര്യമുണ്ട്. എന്നാൽ അദ്ദേഹത്തിന് കാര്യമായ പ്രതികരണം അവിടെ ലഭിച്ചില്ല. ഒരു ചെറിയ ഗണം മാത്രമാണ് അദ്ദേഹത്തിന്റെ വചനം ശ്രവിച്ച് മാനസാന്തരപ്പെട്ടത്. പ്രസ്തുത പാരമ്പര്യമനുസരിച്ച് യാക്കോബ് തിരികെ ജറുസലെമിലെത്തുകയും അവിടെ രക്തസാക്ഷിയാവുകയും ചെയ്തു.

യാക്കോബ്ശ്ലീഹായുടെ രക്തസാക്ഷിത്വം ഹേറോദേസ് അഗ്രിപ്പായുടെ കാലത്തായിരുന്നുവെന്ന് എന്ന് ചില പണ്ഡിതർ അഭിപ്രായപ്പെടുന്നു. അത് എ.ഡി.42 ൽ ആകാനാണ് സാധ്യത. യഹൂദരുടെ പരമാധികാരസമിതിയായ സാൻഹെദ്രിന്റെ കല്പനമൂലമാണ് യാക്കോബിനെ വധിച്ചതെന്ന് ചരിത്രകാരന്മാർ സാക്ഷ്യപ്പെടുത്തുന്നു. യാക്കോബ്ശ്ലീഹായുടെ ഭൗതികാവശിഷ്ടം സ്പെയിനിന്റെ വടക്കുപടിഞ്ഞാറുഭാഗത്തു സ്ഥിതിചെയ്യുന്ന വി.യാക്കോബിന്റെ നാമത്തിലുള്ള കത്തീഡ്രൽ പള്ളിയിലാണ് സംസ്കരിച്ചത്.

ക്രിസ്തീയവിശ്വാസം സ്വീകരിച്ച അനേകർ ആദ്യരക്തസാക്ഷിയായ ശ്ലീഹായായ യാക്കോബിന്റെ നാമം സ്വീകരിച്ചിട്ടുണ്ട്. താൻ വിശ്വസിച്ച സത്യത്തിനു വേണ്ടി മറ്റെല്ലാവർക്കും മുമ്പേ രക്തസാക്ഷിയായ വ്യക്തിയായിരുന്നു അദ്ദേഹം. കർത്താവു കല്പിച്ചുതന്ന പാനപാത്രം അതിന്റെ മട്ടുവരെ അദ്ദേഹം കുടിച്ചുതീർത്തു. യാക്കോബ്ശ്ലീഹായുടെ മാതൃകയനുസരിച്ച് രക്തസാക്ഷിത്വത്തിലൂടെ ഈശോയെ അനുകരിക്കാൻ അനേകർ തിടുക്കം കാണിച്ചു. ഇന്നും അവരുടെ സംഖ്യ അവസാനിക്കുന്നില്ല.

ഫാ.ജോസഫ് കളത്തിൽ
താമരശ്ശേരി

സീറോമലബാർ ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്,കാക്കനാട്

24-07-2021

Read more:www.syromalabarliturgy.org